പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

| | |
|---|---|
| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 5569 | 28.07.2015-ൽ മറുപടിയ്ക്ക് |
| **മുതുവല്ലൂർ, പുളിക്കൽ അംഗൻവാടികൾക്ക് കെട്ടിടം** | |
| ചോദ്യം | ഉത്തരം |
| **ശ്രീ.കെ.മുഹമ്മദുണ്ണി ഹാജി** | **ഡോ.എം.കെ.മുനീർ**<br>**(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി)** |
| (എ) മലപ്പുറം ജില്ലയിലെ മുതുവല്ലൂർ (നം.100), പുളിക്കൽ (നം. 5) എന്നീ അംഗൻവാടികൾക്ക് 4235-02-96(പി) എന്ന ശീർഷകത്തിൽ 2014-15 സാമ്പത്തിക വർഷം അനുവദിച്ച തുകയിൽ കെട്ടിടം നിർമ്മിക്കുന്നതിനുള്ള എസ്റ്റിമേറ്റും, ടെണ്ടർ നടപടികളും പൂർത്തിയായിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ; | (എ) മലപ്പുറം ജില്ലയിലെ 5 -ാം നമ്പർ പുളിക്കൽ അങ്കണവാടിക്ക് കെട്ടിടം നിർമ്മിക്കുന്നതിനായി എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ളതും സാങ്കേതികാനുമതിക്കായുള്ള നടപടി സ്വീകരിച്ചിട്ടുള്ളതുമാണ്. 100 -ാം നമ്പർ മുതുവല്ലൂർ അങ്കണവാടിക്ക് പ്രസ്തുത സ്ഥലത്ത് നിർദ്ദിഷ്ട പ്ലാൻ പ്രകാരം കെട്ടിടം നിർമ്മിക്കാൻ സാധ്യമല്ലാത്തതിനാൽ കെട്ടിടത്തിന്റെ പ്ലാൻ ഭേദഗതി വരുത്തി അനന്തര നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ബി) സാമൂഹ്യ നീതി ജില്ലാ പ്രോഗ്രാം ഓഫീസർ ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ: | (ബി) നിർമ്മാണ പ്രവർത്തനം അടിയന്തിരമായി ആരംഭിക്കുന്നതിന് ബന്ധപ്പെട്ട പൊതുമരാമത്ത് വകുപ്പ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ഓഫീസുമായി ബന്ധപ്പെടുകയും ആവശ്യമായ നിർദ്ദേശം കൊണ്ടോട്ടി ശിശു വികസന പദ്ധതി ഓഫീസർക്ക് നൽകുകയും ചെയ്തിട്ടുണ്ട്. |
| (സി) എന്നത്തേക്ക് ടെണ്ടർ നടപടികൾ പൂർത്തീകരിക്കുവാൻ കഴിയുമെന്ന് അറിയിക്കുമോ? | (സി) സാങ്കേതികാനുമതി ലഭ്യമാക്കി ടെണ്ടർ നടപടികൾ എത്രയും വേഗം പൂർത്തീകരിക്കുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ